(സി) തലശ്ശേരി ഹൈപ്പർ മാർക്കറ്റ് കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ കരാർ കാലാവധി ഏപ്രിൽ 2011-ന് അവസാനിക്കും. വഴുതക്കാട് ഹൈപ്പർ മാർക്കറ്റിന്റെ പണി ഏകദേശം 25% പൂർത്തിയായി. ഇതിന്റെ കരാർ കാലാവധി ഒക്ടോബർ 2010-ന് അവസാനിക്കും. കോട്ടയം ഹൈപ്പർ മാർക്കറ്റിന്റെ പണി ഏകദേശം 20% പൂർത്തിയായിട്ടുണ്ട്. ഡിസംബർ 2010-ൽ കരാർ കാലാവധി അവസാനിക്കും.

(ഡി) തിരുവനന്തപുരത്ത് ഹൈപ്പർ മാർക്കറ്റിനുവേണ്ടി സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തനം നിർത്തലാക്കിയിട്ടില്ല.

(ഇ) വഴുതക്കാടിൽ ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി സപ്ലൈകോ ഹെഡ്ഓഫീസിൽ ഒരു കമ്മിറ്റി നിലവിലുണ്ട്.

മാവേലി ഹോട്ടലുകൾ

79 (5757) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന മാവേലി ഹോട്ടലുകൾക്ക് നൽകുന്ന പയറിന്റെയും പലവ്യഞ്ജനങ്ങളുടെയും വില ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഈ ഹോട്ടലുകൾ ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണിയിലാണോ ; എങ്കിൽ ഇവയുടെ നിലനിൽപ്പിന് സബ്സിഡി പുനഃസ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാവേലി ഹോട്ടലുകൾക്ക് നൽകുന്ന പയറിന്റെയും പലവ്യഞ്ജനങ്ങളുടേയും വില സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്

(ബി) അല്ല. മാവേലി ഹോട്ടലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സബ്സിഡി നിരക്കിൽ ആവശ്യമായ അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിനായി സർക്കാർ സപ്ലൈകോയ്ക്ക് അധിക സബ്സിഡി ഇനത്തിൽ 5 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. മാവേലി ഹോട്ടലുകളുടെ പ്രവർത്തനം കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കാനും ജനോപകാരപ്രദമാക്കാനും ഈ സബ്സിഡി തുക പ്രയോജപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly